DESPATCHED
On. 24/5/22....

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
## E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 221(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 3990/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മേയ് 19**

ശ്രീ. ടോണി തോമസ്,
കിഴക്കേകര,
ഇരുമ്പകച്ചോല പി.ഒ.,
കാഞ്ഞിരപ്പുഴ, പാലക്കാട് – 678 591.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
മണ്ണാർക്കാട് ഡിവിഷൻ,
ആരണ്യകം – മണ്ണാർക്കാട്.
2) അപ്പീൽ അധികാരി &
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
മണ്ണാർക്കാട് ഡിവിഷൻ,
ആരണ്യകം – മണ്ണാർക്കാട്.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 01/12/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 28/12/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 31/12/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 31/01/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 02/03/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 04/03/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 25/03/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 12/04/2022, 18/04/2022 |
| ഹിയറിംഗ് നടന്ന തീയതി | 18/05/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ടോണി തോമസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും തൃപ്തികരമായ മറുപടി ലഭിച്ചില്ല എന്നും ആയതിനാൽ ടിയാൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ/രേഖകൾ സൗജന്യമായി ലഭ്യമാക്കുവാൻ എതിർകക്ഷികൾക്ക് നിർദ്ദേശം നൽകി ഹർജിക്കാരന് നഷ്ടപരിഹാരം ഈടാക്കി നൽകണമെന്നും, വിവരം നിഷേധിച്ച എതിർകക്ഷികൾക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 01.12.2021-ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് 2019 മുതലുള്ള താഴെ പറയുന്ന വിവരങ്ങളാണ്:

i. മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷനിലെ കൃഷിഭൂമികളിൽ ഏതൊക്കെ വന്യമൃഗങ്ങളാണ് കൃഷി നാശമോ മനുഷ്യരെയോ വളർത്തു മൃഗങ്ങളെയോ ആക്രമിക്കുകയോ ചെയ്യുന്നത് എന്നും

ii. വന്യജീവികളുടെ ആക്രമണത്തിൽ ഡിവിഷനിൽ 2019-20, 2020-21, 2021-22 വർഷങ്ങളിൽ എത്ര ആൾക്കാർ മരണപ്പെട്ടു എന്നും ടി മരണങ്ങളിൽ ഓരോരുത്തർക്കും നഷ്ടപരിഹാരം കൊടുത്തതിന്റെ/ കൊടുക്കാനുള്ളതിന്റെ ഉൾപ്പെടെ നടപടി രേഖകളുടെ കോപ്പി നൽകണമെന്നും

iii. വന്യജീവികളുടെ ആക്രമണത്തിൽ ഡിവിഷനിൽ 1019-20, 2020-21, 2021-22 വർഷങ്ങളിൽ എത്ര മനുഷ്യർക്ക് പരിക്കു പറ്റിയിട്ടുണ്ടെന്നും ആയതിനു ഓരോരുത്തർക്കും നഷ്ടപരിഹാരം കൊടുത്തതിന്റെ/ കൊടുക്കാനുള്ളതിന്റെ ഉൾപ്പെടെ നടപടി രേഖകളുടെ കോപ്പി നൽകണമെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 28.12.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടി തൃപ്തികരമല്ല എന്നാരോപിച്ച് ഹർജിക്കാരൻ 31.12.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപ്പീൽ അപേക്ഷ പരിശോധിച്ചതിൽ, വിവരാവകാശ അപേക്ഷയിലെ ചോദ്യങ്ങൾക്ക് സമയബന്ധിതമായി വ്യക്തമായ മറുപടി നൽകിയതായി കാണുന്നതിനാൽ അപേക്ഷ നിരസിച്ചതായുള്ള ഹർജിക്കാരന്റെ വാദം അംഗീകരിക്കാൻ കഴിയില്ലെന്നും അപേക്ഷയിലെ 2, 3, 4 എന്നീ ചോദ്യങ്ങളിലെ നടപടി രേഖകൾ പരിശോധിച്ചതിൽ അപേക്ഷകരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെട്ടതായി കാണുന്നു എന്നും വിവരാവകാശ നിയമം സെക്ഷൻ (11) പ്രകാരം മൂന്നാം കക്ഷിക്ക് വിവരങ്ങൾ നൽകുന്നതിന് അപേക്ഷകരുടെ അഭിപ്രായം സ്വീകരിക്കേണ്ടതുണ്ടെന്നും എന്നാൽ 2019 മുതൽ 2022 വരെ ഏകദേശം 700-ലധികം വരുന്ന അപേക്ഷകരുടെ അഭിപ്രായം അറിയുന്നതിനായി കത്ത് നൽകുക എന്നത് അപ്രായോഗികമാണെന്നും അപേക്ഷയിലെ ചോദ്യം 5-ലെ 2019 മുതൽ 2022 വരെയുള്ള നടപടി രേഖകൾ വിവിധ സെക്ഷനുകളിൽ നിരവധി ഫയലുകളുമായി ബന്ധപ്പെട്ടു കിടക്കുന്നവയാണെന്നും വലിയ അളവിലുള്ള ഈ രേഖകൾ ശേഖരിച്ച് നൽകുന്നതുമൂലം ഓഫീസിലെ മറ്റ് ജോലികൾ പൂർണ്ണമായും പൊതുജനങ്ങൾക്ക് അത്യാവശ്യം വേണ്ട സേവനങ്ങൾ ഉൾപ്പെടെ തടസ്സപ്പെടുമെന്നും മേൽ കാരണങ്ങളാൽ വിവരാവകാശ നിയമം വകുപ്പ് 7(9) പ്രകാരം ആവശ്യമായ രേഖകൾ (മൂന്നാം കക്ഷി

വിവരങ്ങൾ ഒഴികെ) ടി ഓഫീസിലെ പ്രവൃത്തി ദിവസം സീനിയർ സൂപ്രണ്ടിന്റെ സാന്നിദ്ധ്യത്തിൽ പരിശോധിക്കാവുന്നതാണെന്നും പകർപ്പുകൾ ആവശ്യമായവ പേജ് 1-ന് 3/- രൂപ നിരക്കിലും മറ്റുള്ളവ അതിന്റെ യഥാർത്ഥ വിലയും അടവാക്കി കൈപ്പറ്റാവുന്നതാണെന്നും ഹർജിക്കാരന് നേരിട്ട് എത്താൻ പ്രയാസമുണ്ടെങ്കിൽ രേഖകൾ പരിശോധിക്കുവാൻ പ്രതിനിധിയെ ചുമതലപ്പെടുത്താവുന്നതുമാണെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 1.12.2021-ന് സമർപ്പിച്ച അപേക്ഷയിലെ എല്ലാ ചോദ്യങ്ങൾക്കും വ്യക്തമായ മറുപടി നൽകിയിട്ടുള്ളതാണെന്നും അപേക്ഷയിലെ 2, 3, 4 എന്നീ ചോദ്യങ്ങളിൽ നടപടി രേഖകളാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും ടി ഡിവിഷനിൽ വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് 2019 മുതൽ 2022 വരെ ഏകദേശം 700-ലധികം വരുന്ന ഫയലുകളിൽ നിന്നും ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതുമായ നടപടി രേഖകൾ ശേഖരിച്ച് നൽകുക എന്നത് ടി ഓഫീസിലെ മറ്റ് ദൈനംദിന പ്രവർത്തികൾ തടസ്സപ്പെടുമെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാലാണ് നേരിൽ രേഖകൾ പരിശോധിച്ച് ആവശ്യമായ കുറിപ്പുകൾ രേഖപ്പെടുത്തുന്നതിനും, പകർപ്പുകൾ ആവശ്യമെങ്കിൽ നിശ്ചിത ഫീസ് ഒടുക്കി കൈപ്പറ്റുന്നതിനും അവസരം അനുവദിച്ചു നൽകിയിരുന്നതെന്നും ചോദ്യം 5-ലെ നടപടി രേഖകൾ മാത്രമാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും എന്നാൽ ടി ഡിവിഷനിൽ 2019 മുതൽ 2022 വരെ വന്യജീവി ആക്രമണത്തെ പ്രതിരോധിക്കാനായി സോളാർ ഫെൻസിംഗ്, ആന പ്രതിരോധ കിടങ്ങുകൾ, മണ്ണാർക്കാട്-അഗളി റാപ്പിഡ് റെസ്പോൺസ് ടീമുകൾ, താത്ക്കാലിക വാച്ചർമാരെ നിയോഗിക്കൽ, വന്യജീവികളുടെ സ്വാഭാവിക ജലസ്രോതസ്സുകൾ സംരക്ഷിക്കൽ, ജനജാഗ്രതാ സമിതികൾ തുടങ്ങിയ വിവിധതരം പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നതാണെന്നും ഇതുമായി ബന്ധപ്പെട്ട വിവരം വിവിധ സെക്ഷനുകളിൽ നിരവധി ഫയലുകളുമായി ബന്ധപ്പെട്ട് കിടക്കുന്നതുമാണെന്നും വലിയ അളവിലുള്ള ടി രേഖകൾ ശേഖരിച്ച് നൽകുന്നത് ഓഫീസിലെ ദൈനംദിന പ്രവൃത്തികളും, പൊതുജനങ്ങൾക്ക് അത്യാവശ്യം വേണ്ട സേവനങ്ങൾ ഉൾപ്പെടെ തടസ്സപ്പെടുമെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാലുമാണ് നേരിട്ട് രേഖകൾ പരിശോധിക്കുന്നതിന് അവസരം അനുവദിച്ചിരുന്നതെന്നും മേൽ കാരണങ്ങളാലാണ് ചോദ്യം 2, 3, 4, 5 എന്നിവയുമായി ബന്ധപ്പെട്ട നടപടി രേഖകൾ ടി ഓഫീസിൽ നേരിട്ടെത്തി പരിശോധിക്കുവാനും ആവശ്യമായ രേഖകൾ നിശ്ചിത ഫീസ് ഒടുക്കി കൈപ്പറ്റാവുന്നതാണെന്നും അറിയിച്ചിട്ടുള്ളതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം വളരെ ബൃഹത്തായതും എതിർകക്ഷി സ്ഥാപനത്തിലെ വിവിധ സെക്ഷനുകളിലെ വിവിധ ഫയലുകളിൽ വ്യാപിച്ച് കിടക്കുന്നതുമായ വിവരങ്ങളാണെന്ന് കാണുന്നു. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീലപേക്ഷയ്ക്കും

ലഭ്യമായ വിവരങ്ങൾ എതിർകക്ഷികൾ സമയബന്ധിതമായി നൽകിയിട്ടുള്ളതിനാൽ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും മറുപടി നൽകുന്നതിൽ മന:പൂർവ്വമോ ബോധപൂർവ്വമോ ആയ വീഴ്ച എതിർകക്ഷികൾ വരുത്തിയിട്ടില്ലെന്നും കമ്മീഷന് ബോധ്യമാകുന്നു. എന്നാൽ നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആക്ഷേപം ഉന്നയിച്ചിരിക്കുന്ന സാഹചര്യത്തിൽ, ഒന്നാം എതിർകക്ഷി ഹിയറിംഗ് വേളയിൽ കമ്മീഷൻ മുമ്പാകെ ഉറപ്പ് നൽകിയ പ്രകാരം ഗുണഭോക്താക്കളുടെയും മറ്റും വ്യക്തിഗത വിവരം (ബാങ്ക് അക്കൗണ്ട്, ഐ.എഫ്.എസ്.സി. കോഡ്, മേൽവിലാസം എന്നിവ) മറച്ചു വച്ചു കൊണ്ടുള്ള ലഭ്യമായ രേഖകളുടെ പകർപ്പ്, പരാമാവധി ഒരു മാസത്തിനകം, പകർപ്പ് ഫീ ഈടാക്കി ഹർജിക്കാരന് ലഭ്യമാക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മേയ് 19–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM